## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3538** **20.10.2016 -ൽ മറുപടിക്ക്**

**ദേശീയ പാതയുടെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ദേശീയ പാതയുടെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ വികസനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയ പാത പുതിയ എൻ.എച്ച് 66 (പഴയ എൻ.എച്ച് 47) കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി പദ്ധതിയിൽ ഉൾപ്പെടുത്തി 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നത്. എന്നാൽ ദേശീയപാതാ വികസനത്തിന്റെ സ്ഥലമെടുപ്പിൽ പുരോഗതി ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഈ പാതയുടെ വികസന പദ്ധതിയിൽ നിന്നും പിൻമാറുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥന പ്രകാരം കേന്ദ്ര മന്ത്രാലയം എൻ.എച്ച്.എ.ഐ യ്ക്ക് ഈ പദ്ധതി പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ച് സംസ്ഥാന സർക്കാർ GO(MS) No.94/2014/PWD തീയതി 25.10.2014 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കുന്നതിലേയ്ക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ വികസനത്തിനു വേണ്ട പുതുക്കിയ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കുന്ന നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഡി.പി.ആർ കൺസൾട്ടന്റ് മുഖാന്തിരം നടത്തി വരുന്നുണ്ട്. നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് എഗ്രിമെന്റ് പ്രകാരം ആഗസ്റ്റ് 2016 മുതൽ 6 മാസക്കാലയളവിനുള്ളിൽ പുതുക്കിയ ഡി.പി.ആർ കൺസൾട്ടന്റ് സമർപ്പിക്കേണ്ടതാണ്. |
| (ബി) ദേശീയപാത വികസനത്തിന് ഭൂമി | (ബി) വാളയാർ മുതൽ അരൂർ വരെയുള്ള ദേശീയപാത |

| | | |
|---|---|---|
| | ഏറ്റെടുത്തിട്ടുണ്ടോ; എത്ര ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ | 47 (ഇടപ്പള്ളി വരെ പുതിയ എൻ.എച്ച് 544 ഉം ഇടപ്പള്ളി മുതൽ അരൂർ വരെ പുതിയ എൻ.എച്ച് 66 ഉം) സ്ഥലമെടുപ്പ് പൂർത്തീകരിച്ച് വികസനത്തിന്റെ അന്തിമ ഘട്ടത്തിലാണ്. കൂടാതെ ദേശീയപാത പുതിയ എൻ.എച്ച് 66 ന്റെ കഴക്കൂട്ടം മുതൽ കാരോട് വരെയുള്ള 43 കി.മീ. സ്ഥലമെടുപ്പ് പൂർത്തീകരിച്ച് നിർമ്മാണം നടന്നു വരുന്നു. സർവ്വീസ് റോഡോടു കൂടിയ നാലുവരിപ്പാതയായി വികസനം ശേഷിക്കുന്നത് തലപ്പാടി മുതൽ ഇടപ്പള്ളി വരെയും (420 കി.മീ) ചേർത്തല മുതൽ കഴക്കൂട്ടം വരെയും (172.9 കി.മീ) അടങ്ങുന്ന പുതിയ എൻ.എച്ച് 66 ആണ്. ഈ ദേശീയപാതയുടെ പഴയ അലൈൻമെന്റ് പ്രകാരം തലപ്പാടി മുതൽ ഇടപ്പള്ളി വരെ (പുതിയ എൻ.എച്ച് 66) 976.97 ഹെക്ടർ സ്ഥലവും ചേർത്തല മുതൽ കഴക്കൂട്ടം വരെ (പുതിയ എൻ.എച്ച് 66) 256 ഹെക്ടർ സ്ഥലവും (ആകെ 1232.97 ഹെക്ടർ) വികസനത്തിന് ആവശ്യമാണ്. ഇതിൽ 8.77 ഹെക്ടർ സ്ഥലം (0.71%) മാത്രമാണ് ഇതുവരെ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ദേശീയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ച് സംസ്ഥാന സർക്കാർ GO(MS) No.94/2014/PWD തീയതി 25.10.2014 ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ ദേശീയപാതാ 47 ന്റേയും 17 ന്റേയും വികസനത്തിന് പുതിയ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. ഡി.പി.ആർ തയ്യാറായതിനു ശേഷം മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകൂ. |
| (സി) | ഏതെല്ലാം ഭാഗങ്ങളിലാണ് ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (സി) ഡി.പി.ആർ പുതുക്കൽ പൂർത്തീകരിച്ചാൽ മാത്രമേ ഗതാഗത സാന്ദ്രതയ്ക്കനുസരിച്ച് ഏതെല്ലാം ഭാഗങ്ങളിലാണ് ഫ്ലൈ ഓവർ നിർമ്മിക്കേണ്ടത് എന്ന് അറിയാൻ കഴിയൂ. |
| (ഡി) | നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) ഡി.പി.ആർ തയ്യാറാക്കൽ പൂർത്തീകരിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എൻ.എച്ച് ആക്ട് പ്രകാരമുള്ള ലാന്റ് അക്വിസിഷൻ നടപടികൾ കൂടി പൂർത്തിയായാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**